**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5646** **13-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ അധീനതയിൽ ഉള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ അധീനതയിൽ ഉള്ള ഭൂമിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ കൈവശം 2211.5067 ഹെക്ടർ ഭൂമി നിലവിലുണ്ട്. |
| (ബി) | ഭൂമിയുടെ അതിരുകൾ വ്യക്തമായി അടയാളപ്പെടുത്തി വയ്ക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിൽ ഉള്ളത് എന്നറിയിക്കാമോ; | (ബി) | കുറ്റ്യാടി ജലസേചന പദ്ധതി 1973 ൽ ഭാഗികമായും 1993 ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തതാണ്. റിസർവോയറിനും കനാലിനും ആവശ്യമായ ഭൂരിഭാഗം സ്ഥലങ്ങളും 1960-70 കാലഘട്ടത്തിലാണ് അക്വയർ ചെയ്തത്. ഏകദേശം 50 വർഷങ്ങൾക്ക് മുമ്പായി അക്വയർ ചെയ്തതിനാൽ പല ഭാഗത്തും അതിർത്തി കല്ലുകൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ അതിർത്തി പുനർനിർണ്ണയിക്കേണ്ടിവരുമ്പോൾ റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ട തഹസിൽദാർക്കോ/ താലൂക്ക് സർവ്വേയർക്കോ അപേക്ഷ നൽകി അതിർത്തി പുനർ നിർണ്ണയിക്കുകയാണ് ചെയ്തു വരുന്നത്. ഇതല്ലാതെ ഇറിഗേഷൻ വിഭാഗത്തിന് സ്വന്തമായി അതിർത്തി നിർണ്ണയിക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ നിലവിലില്ല. |
| (സി) | പ്രസ്തുത ഭൂമിയോട് ചേർന്ന് താമസിക്കുന്നവരുടെ അതിർത്തി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് വകുപ്പ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | കുറ്റ്യാടി ജലസേചന പദ്ധതി 1973 ൽ ഭാഗികമായും 1993 ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തതാണ്. റിസർവോയറിനും കനാലിനും ആവശ്യമായ ഭൂരിഭാഗം സ്ഥലങ്ങളും 1960-70 കാലഘട്ടത്തിലാണ് അക്വയർ ചെയ്തത്. ഏകദേശം 50 വർഷങ്ങൾക്ക് മുമ്പായി അക്വയർ ചെയ്തതിനാൽ പല ഭാഗത്തും അതിർത്തി കല്ലുകൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ അതിർത്തി പുനർനിർണ്ണയിക്കേണ്ടിവരുമ്പോൾ റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ട തഹസിൽദാർക്കോ/ താലൂക്ക് സർവ്വേയർക്കോ അപേക്ഷ നൽകി അതിർത്തി പുനർ നിർണ്ണയിക്കുകയാണ് ചെയ്തു വരുന്നത്. ഇതല്ലാതെ ഇറിഗേഷൻ വിഭാഗത്തിന് സ്വന്തമായി അതിർത്തി |

| | | | |
|---|---|---|---|
| | | | നിർണ്ണയിക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ നിലവിലില്ല. |
| (ഡി) | ഭൂമി കൈയ്യേറ്റങ്ങൾ ബോധ്യപ്പെടുന്ന പക്ഷം ആയത് കൈകാര്യം ചെയ്യുന്നതിന് ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; മുൻകാല ഭൂമി കൈയ്യേറ്റങ്ങൾക്ക് നിലവിലെ ഉദ്യോഗസ്ഥർ ഉത്തരവാദികളാകുമോയെന്നറിയിക്കാമോ; | (ഡി) | ഭൂമി കൈയ്യേറ്റങ്ങൾ ബോധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ തഹസിൽദാർ/ താലൂക്ക് സർവ്വേയർ എന്നിവർക്ക് കത്ത് നൽകി അതിർത്തി പുനർനിർണ്ണയിച്ച് തരുന്ന മുറയ്ക്ക് കയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കുന്നു. ഓഫീസുകളിൽ സ്ഥലം മാറുന്ന ഉദ്യോഗസ്ഥർക്ക് പകരം വരുന്ന ഉദ്യോഗസ്ഥർ മൂന്ന് മാസത്തിനകം അവരുടെ അധികാര പരിധിയിൽ വരുന്ന കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലെ ഉദ്യോഗസ്ഥർ ഉത്തരവാദികളാകുന്നതാണ്. |
| (ഇ) | ഇത്തരത്തിൽ ഏതെങ്കിലും ഭൂമി കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്നും, തുടർന്നു സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ? | (ഇ) | കെ.വൈ.ഐ.പിയുടെ ഭാഗമായ ഉള്ള്യേരി ഫീൽഡ് ബ്രാഞ്ചിയുടെ പാലോറ മുതൽ പുളിക്കൽതാഴവരെ സർവ്വേ ചെയ്തതിൽ 22 കൈയ്യേറ്റങ്ങളുടെ സ്കെച്ച് തഹസിൽദാർ, കൊയിലാണ്ടി താലൂക്ക് സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിരുന്നു. ഇതിൽ 20 കൈയ്യേറ്റങ്ങളുടെ മഹസ്സറും ഫോറം എ യുമാണ് ഉണ്ടായിരുന്നത്. ഈ 20 കൈയ്യേറ്റങ്ങളിൽ 7 കൈയ്യേറ്റങ്ങൾ ഇതിനകം ഒഴിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 13 കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അത്തോളി പോലീസ് സ്റ്റേഷനിൽ ക്രിമിനൽ കേസ് ഫയൽ ചെയ്യാൻ സൂപ്രണ്ടിങ്ങ് എഞ്ചിനീയർ പരാതി നൽകിയിട്ടുണ്ട്. 11 കൈയ്യേറ്റങ്ങൾ നടത്തിയ 9 വ്യക്തികൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ